"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ജീവനക്കാര്യം - അഡീഷണൽ ചീഫ് ടൗൺ പ്ലാനർ, സീനിയർ ടൗൺ പ്ലാനർ, ടൗൺപ്ലാനർ എന്നീ തസ്തികകളിലെ സ്ഥാനക്കയറ്റം - നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു ബി) വകുപ്പ്

സ.ഉ.(സാധാ) നം.2657/2022/LSGD   തീയതി,തിരുവനന്തപുരം, 01-11-2022

---

പരാമർശം:- 1. 22.06.2022 തീയതിയിലെ സ.ഉ.(പി)നം.55/2022/തസ്വഭവ നമ്പർ ഉത്തരവ്.

2. 04/08/2022-ലെ സ.ഉ.(സാധാ)നം.1898/2022/തസ്വഭവ നമ്പർ ഉത്തരവ്.

3. മുഖ്യനഗരാസൂത്രകന്റെ 06/09/2022-ലെ TCPCTP/1583/2022-A3 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിലെ പ്ലാനിംഗ് വിഭാഗത്തിലെ അഡീഷണൽ ചീഫ് ടൗൺപ്ലാനർ, സീനിയർ ടൗൺ പ്ലാനർ, ടൗൺപ്ലാനർ എന്നീ തസ്തികകളിലേയ്ക്ക് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പരാമർശം (2)-ലെ ഉത്തരവിന്റെ തുടർച്ചയായി സ്ഥാനക്കയറ്റം നൽകി ചുവടെ ചേർക്കും പ്രകാരം ഉടൻ പ്രാബല്യത്തിൽ വരും വിധം നിയമിച്ച് ഉത്തരവാകുന്നു.

1. ശ്രീ. കെ.ജയകുമാർ, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ, മുഖ്യ നഗരാ സൂത്രകന്റെ കാര്യാലയത്തിൽ നിന്നും വിരമിക്കുന്ന ഒഴിവിലേയ്ക്ക് ശ്രീ.രാജേഷ് പി.എൻ, സീനിയർ ടൗൺ പ്ലാനർക്ക് (മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം) അഡീഷണൽ ചീഫ് ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം നൽകി (Revised scale of pay 118100-163400) മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ നിയമിക്കുന്നു.

2. ശ്രീ.രാജേഷ് പി.എൻ, സീനിയർ ടൗൺ പ്ലാനർ അഡീഷണൽ ചീഫ് ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനെതുടർന്ന് മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ വരുന്ന ഒഴിവിലേയ്ക്ക് ശ്രീ. എം.എ. ദാസും, ടൗൺപ്ലാനർ, സീനിയർ ടൗൺ പ്ലാനറായി (Revised scale of pay 118100-163400) സ്ഥാനക്കയറ്റം നൽകി ചീഫ് ടൗൺപ്ലാനറുടെ കാര്യാലയത്തിൽ നിയമിക്കുന്നു.

3. ശ്രീ. രാജീവൻ പിട്ടൻ 31/08/2022 -ന് വിരമിച്ചതിനെ തുടർന്ന് ചീഫ് ടൗൺപ്ലാനറുടെ കാര്യാലയത്തിൽ 01/09/2022 മുതൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ശ്രീമതി. രഹ്ന എച്ച്, ഡെപ്യൂട്ടി ടൗൺപ്ലാനർ, (ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയം, എറണാകുളം) ടൗൺപ്ലാനറായി സ്ഥാനക്കയറ്റം നൽകി (Revised scale of pay 95600-153200) ചീഫ് ടൗൺപ്ലാനറുടെ





1324814 GOVERNMENT OF KERALA

കാര്യാലയത്തിൽ നിയമിക്കുന്നു.

4. ശ്രീ. എം.എ. ഷാനു, ടൗൺ പ്ലാനർ, സീനിയർ ടൗൺപ്ലാനറായി പ്രൊമോഷൻ ആകുന്നതിനെ തുടർന്ന് ചീഫ് ടൗൺപ്ലാനറുടെ കാര്യാലയത്തിൽ വരുന്ന ഒഴിവിലേയ്ക്ക് ശ്രീ. നിധീഷ് കെ.പി., (ഡെപ്യൂട്ടി ടൗൺപ്ലാനർ, ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയം കണ്ണൂർ) ടൗൺപ്ലാനറായി സ്ഥാനക്കയറ്റം നൽകി (Revised scale of pay 95600-153200) ചീഫ് ടൗൺപ്ലാനറുടെ കാര്യാലയത്തിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ് -
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്) തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർ (മുഖ്യ നഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു4/31//2022/LSGD)

ഉത്തരവിൻ പ്രകാരം
Signed by Subha S
Date: 01-11-2022 16:03:48
സെക്ഷൻ ഓഫീസർ